"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി-സംസ്ഥാന ജലഗതാഗത വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 27/04/2022-ൽ മരണപ്പെട്ട ബാർബര കെ.ജെ-യുടെ മകൾ ശ്രീമതി.ഉഷാര മാർട്ടിന് ജലഗതാഗത വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.292/2024/TRANS തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:-

1. 24/05/1999-ലെ സ.ഉ(പി)നം.12/99/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്
2. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 27/02/2023-ലെ E3-14410/22 നമ്പർ കത്ത്
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 28/01/2024-ലെ DCALP/4964/2023-A7 നമ്പർ കത്ത്
4. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 24/05/2024-ലെ E3-14410/22 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ജലഗതാഗത വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 27/04/2022-ൽ മരണപ്പെട്ട ബാർബര കെ.ജെ-യുടെ മകൾ ശ്രീമതി.ഉഷാര മാർട്ടിൻ, പുത്തൻവീട്ടിൽ ഹൗസ്, തത്തംപള്ളി പി.ഒ, ആലപ്പുഴ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച 12/09/2022-ലെ അപേക്ഷ, നിയമനം നൽകുന്നതിന് ജലഗതാഗത വകുപ്പിൽ നിലവിൽ എൽ.ഡി ക്ലാർക്കിന്റെ ഒഴിവില്ലാത്തതിനാൽ മറ്റേതെങ്കിലും വകുപ്പിൽ പരിഗണിക്കുന്നതിനായി പരാമർശം (2) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ജലഗതാഗത വകുപ്പ് ഡയറക്ടർ നൽകിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതയായ ബാർബര കെ.ജെ-യുടെ ജനന തീയതി. 03/08/1966 ഉം മരണ തീയതി. 27/04/2022 ഉം സർവ്വീസിൽ പ്രവേശിച്ച തീയതി. 23/05/1988 ഉം ആണ്. ടിയാന് 33 വർഷം 11 മാസം 05 ദിവസം ആണ് സേവനദൈർഘ്യമായി കണക്കാക്കിയിട്ടുള്ളത്.

2) അപേക്ഷകയായ ശ്രീമതി. ഉഷാര മാർട്ടിന്റെ ജനന തീയതി. 16/02/1991 ആണെന്നും, ടിയാൾ MCA പരീക്ഷ പാസ്സായിട്ടുണ്ടെന്നും, നിലവിൽ ടിയാൾ കേന്ദ്ര/ സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ/ ബാങ്കിംഗ് മേഖലയിൽ ജോലി ചെയ്യുന്നില്ലായെന്നും, പരേതയുടെ മറ്റ് അവകാശികൾ ആരും തന്നെ ആശ്രിത നിയമനവ്യവസ്ഥ പ്രകാരം മുൻപ് അപേക്ഷ നൽകുകയോ നിയമനം നേടുകയോ ചെയ്തിട്ടില്ലായെന്നും, പരേതന്റെ ആശ്രിതൻ എന്ന നിലയിൽ

അപേക്ഷകയായ ശ്രീമതി. ഉഷാര മാർട്ടിന് ജോലി നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുള്ളതായും, അപേക്ഷക പരേതയുടെ മറ്റ് അവകാശികളെ സംരക്ഷിച്ചില്ലായെങ്കിൽ 25% ശതമാനം തുക പിടിച്ചെടുത്ത് പരേതയുടെ ആശ്രിതർക്ക് നൽകുന്നതിനുള്ള സമ്മതപത്രം ഹാജരാക്കിയിട്ടുള്ളതായും, അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 3,32,760/- (മൂന്ന് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി അറുപത് മാത്രം) രൂപയാണെന്നും 24/05/1999-ലെ സ.ഉ(പി)നം.12/99/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം അപേക്ഷകന് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതിനാൽ ടിയാളുടെ അപേക്ഷ ശുപാർശ ചെയ്യുന്നതായും പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ തന്നെ നിയമനം ലഭ്യമാക്കിയാൽ മതിയാകും എന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതായി പരാമർശം (4) കത്ത് പ്രകാരം ജലഗതാഗത വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ജലഗതാഗത വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 27/04/2022-ൽ മരണപ്പെട്ട ബാർബര കെ.ജെ-യുടെ മകൾ ശ്രീമതി.ഉഷാര മാർട്ടിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിലിവിൽ ഉള്ളതോ/തൊട്ടടുത്ത് ഉണ്ടാകാൻ ഇടയുള്ളതോ ആയ ഒഴിവിൽ സമാശ്വാസ തൊഴിൽദാന പദ്ധതിക്കുള്ള അപേക്ഷകരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രാകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) നിയമനത്തിനുള്ള തുടർനടപടി സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. ശ്രീമതി.ഉഷാര മാർട്ടിനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമനാധികാരി നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ബോധ്യപ്പെടുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ

ശ്രീമതി.ഉഷാര മാർട്ടിൻ, പുത്തൻവീട്ടിൽ ഹൗസ്, തത്തംപള്ളി പി.ഒ, ആലപ്പുഴ- 688 013 (By Registered Post with A/D)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , എ&ഇ, കേരള,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് , കേരള, തിരുവനന്തപുരം

പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്

ഐ & പി.ആർ (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Biju N

Date: 31-07-2024 16:47:07

സെക്ഷൻ ഓഫീസർ